# ലക്ഷ്യ സ്കോളർഷിപ്പ് എക്സാമിനേഷൻ 2021 – 2022

## ഓൺലൈൻ പരീക്ഷയെ സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ

ലക്ഷ്യ സ്കോളർഷിപ്പ് ലഭിക്കുന്നതിന് യോഗ്യരായ വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കുന്നതിനുള്ള ആദ്യ ഘട്ടമാണ് ഓൺലൈൻ പ്രവേശന പരീക്ഷ.

2021 ഒക്ടോബർ 12–ന് രാവിലെ 11:00 മണി മുതൽ 12:00 മണിവരെയുള്ള ഒരു മണിക്കൂർ സമയത്താണ് ഓൺലൈൻ പരീക്ഷ നടത്തുന്നത്.

വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ / ലാപ്ടോപ് / ടാബ് / സ്മാർട്ട് ഫോൺ എന്നിവയിൽ നിന്ന് പരീക്ഷാ വെബ് സൈറ്റിൽ കയറി പരീക്ഷ എഴുതാൻ ആകും.

പരീക്ഷാ വെബ്സൈറ്റിന്റെ ലിങ്ക്, യൂസർനെയിം, പാസ് വേർഡ്, റോൾ നമ്പർ എന്നിവ ലക്ഷ്യ സ്കോളർഷിപ്പ് പരീക്ഷയ്ക്കായി വിദ്യാർത്ഥികൾ അപേക്ഷിച്ചപ്പോൾ നൽകിയിട്ടുള്ള ഇമെയിൽ വിലാസത്തിൽ 06/10/2021 ന് ലഭ്യമാക്കും.

ഈമെയിലിൽ മേൽ സൂചിപ്പിച്ച വിവരങ്ങൾ ലഭ്യമാകാത്തവർ 0471-2533272/9847373627/ 6238732527 എന്നീ ഫോൺ നമ്പരുകളിൽ ഒന്നിൽ 08/10/2021 വൈകുന്നേരം 5:00 മണിക്ക് മുൻപായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

ഈമെയിലിൽ ലഭിക്കുന്ന പരീക്ഷാ ലിങ്കും, യൂസർ നെയിമും പാസ് വേർഡും, റോൾ നമ്പരും തെറ്റുകൂടാതെ ഒരു പേപ്പറിൽ എഴുതി സൂക്ഷിക്കുന്നത് പരീക്ഷാ സമയത്തെ ലോഗിൻ സുഗമം ആക്കും.

പരീക്ഷാ ദിനം രാവിലെ 11:00 മുതൽ 11:05 മണിവരെയുള്ള സമയത്ത് മേൽപറഞ്ഞ ലോഗിൻ വിവരങ്ങൾ നൽകി പരീക്ഷാ വെബ്സൈറ്റിൽ പ്രവേശിക്കാൻ കഴിയും.

പരീക്ഷ നടക്കുന്ന സമയം മുഴുവൻ (ലോഗിൻ മുതൽ സബ്മിറ്റ് വരെ) നിങ്ങളുടെ ഡിവൈസിൽ ഇന്റർനെറ്റും അതിനാവശ്യമായ നെറ്റ് വർക്ക് സിഗ്നലും ലഭ്യമാകുന്ന സുരക്ഷിതവും സൗകര്യപ്രദവുമായ സ്ഥലത്തിരുന്നു പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്. അവരവർ ഉപയോഗിക്കുന്ന device ന് ആവശ്യമായ വൈദ്യുതി/ബാറ്ററി ചാർജ് എന്നിവയുടെ ലഭ്യത സ്വയം ഉറപ്പാക്കേണ്ടതാണ്.

ലോഗിൻ ചെയ്ത് കഴിഞ്ഞാൽ ആദ്യം നിങ്ങളുടെ ഹാൾ ടിക്കറ്റ് കാണാൻ കഴിയുന്നതാണ്. അതിന് താഴെയായി Start Exam എന്നൊരു ബട്ടണും ഉണ്ടാകും. 11:05 ന് ഉള്ളിൽ തന്നെ Start Exam ബട്ടൺ അമർത്തി പരീക്ഷയിലേക്ക് പ്രവേശിക്കേണ്ടാതാണ്.

Scanned with CamScanner

പരീക്ഷയിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ ആദ്യ ചോദ്യമായി കാണുന്നത് നിങ്ങളുടെ റോൾ നമ്പർ പൂരിപ്പിക്കാനാണ്. രണ്ടാമത്തെ ചോദ്യമായി കാണുന്നത് നിങ്ങളുടെ ഇമെയിൽ ഐ.ഡി പൂരിപ്പിക്കാൻ ആണ്. തെറ്റുകൂടാതെ ഹാൾ ടിക്കറ്റിൽ കണ്ട/ ഈമെയിലിൽ ലഭിച്ച നിങ്ങളുടെ റോൾ നമ്പരും ഇമെയിൽ ഐ.ഡിയും പൂരിപ്പിക്കുക.

അതിന് താഴെയായി പരീക്ഷയുടെ ഭാഗമായ ആദ്യ 10 ചോദ്യങ്ങൾ ആണ് ഉണ്ടാവുക. ആ 10 ചോദ്യങ്ങൾക്കും ഉത്തരം നൽകിയതിനു ശേഷം Next ബട്ടൺ അമർത്തിയാൽ അടുത്ത 10 ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന പേജിലേക്ക് കടക്കാം. ഇത്തരത്തിൽ 5 പേജുകളിലായി 10 വീതം ചോദ്യങ്ങൾ എന്ന നിലയ്ക്ക് ആകെ 50 ചോദ്യങ്ങൾ ആയിരിക്കും ഉണ്ടാവുക.

2 മാർക്ക് വീതമുള്ള 50 Multiple Choice Question (MCQ) ആണ് ഉണ്ടായിരിക്കുക. ആകെ മാർക്ക് 100. നെഗറ്റീവ് മാർക്ക് ഇല്ല

ഒരു മണിക്കൂർ ആണ് ആകെ പരീക്ഷാ സമയം. ആ സമയം തീരുന്നതിന് 2 മിനിറ്റ് എങ്കിലും മുൻപ് തന്നെ 50 ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങളും പൂർത്തിയാക്കി അതിന് താഴെ കാണുന്ന Submit ബട്ടൺ അമർത്തി പരീക്ഷ പൂർത്തിയാക്കേണ്ടതാണ്. ഈ സമയപരിധിക്കുള്ളിൽ Submit ബട്ടൺ അമർത്തിയില്ലെങ്കിൽ പിന്നെ Submit ബട്ടൺ അമർത്തിയാലും പരീക്ഷാ വിവരങ്ങൾ സെർവ്വറിൽ സേവ് ചെയ്യപ്പെടില്ല.

കൃത്യമായി യഥാസമയം ലോഗിൻ ചെയ്യുന്നതും പരീക്ഷ കഴിഞ്ഞു നിർദ്ദിഷ്ട സമയത്തിനുള്ളിൽ Submit ചെയ്യുന്നതും വിദ്യാർത്ഥികളുടെ സ്വന്തം ഉത്തരവാദിത്വം ആയിരിക്കും.

ഇത് സംബന്ധിച്ചുള്ള ഏതൊരു സംശയവും ICSETS ൽ 0471-2533272 വിളിച്ചു ദൂരീകരിക്കാവുന്നതാണ്. കോവിഡ് ബാധിച്ച് ചികിത്സ കേന്ദ്രങ്ങളിൽ കഴിയുന്നവർക്കും എഴുതാൻ സാധിക്കുന്ന വിധമാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്.

ഈ ഓൺലൈൻ പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികളുടെ ചുരുക്ക പട്ടിക തയ്യാറാക്കി അവരിൽ നിന്നും ഇന്റർവ്യൂ നടത്തിയാണ് ലക്ഷ്യ സ്കോളർഷിപ്പിനായുള്ള അന്തിമ പട്ടിക തയ്യാറാക്കുന്നത്.

രാജ്യത്തെ ഏറ്റവും പ്രധാന പരീക്ഷക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾ എന്ന നിലയിൽ ഓൺലൈൻ പരീക്ഷയിൽ കൃത്യമായ തയ്യാറെടുപ്പോടെ പങ്കെടുക്കേണ്ടതാണ്.

Scanned with CamScanner